

# പുണ്യ പൂക്കാലം

വീണ്ടുമൊരാത്മ സുഹൃത്തിന്നാഗമനം
വീണുപോയൊരുപാട് ദിനങ്ങളെ നോക്കി
നെടുവീർപ്പിടുന്നവനെയുണർത്തിക്കൊണ്ട്
വിശക്കുന്നവന്റെ വിളിയിലെ പൊരുളറിയിച്ച് കൊണ്ട്

വീണ്ടുമൊരുൾതുടിപ്പിൻ ദർശനം
പാതിരാവിൽ പ്രാർഥനാനിരതന്റെ
ഹൃദയത്തെ പുളകമണിയിച്ച്
പാപിയുടെ പാദങ്ങളെ ഏകനിലേക്കാനയിച്ച്
വീണ്ടും രക്ഷകന്റെയനർഘമാം സ്നേഹത്തിനുറവ

വിളറിയ വദനത്തിൽ ശോണിമ പരത്തി
വിശ്വാസിക്ക് ഉത്തുംഗ സൗധമൊരുക്കി
വീണ്ടും പുണ്യ പൂക്കാലത്തിൻ സമർപ്പണം.

**കെ.എച്ച് നസീർ**

# റമദാൻ

ശീലമായ്പ്പോയതിന്റെ
മടുപ്പിൽനിന്ന്
ആത്മാക്കളെ
കുടഞ്ഞുണർത്താൻ
റമദാന്റെ
കസ്തൂരിത്തൈലം!....

തന്നിൽ-
ത്തന്നെയിരുന്നിരുന്ന്
വേരിറങ്ങിയവരിലേക്ക്
വ്രതവിശുദ്ധിയുടെ
തിങ്കൾക്കല....

ഇഛകളുടെ
അടിയാളരായി
അജീർണം ബാധിച്ചവർക്ക്
ക്ഷമാശീലത്തിന്റെ
ഒറ്റമൂലി....

രാവിന്റെ
അന്ത്യയാമങ്ങളിൽ
കണ്ണീർപ്പെയ്ത്തിൽ
സ്ഫടികശുദ്ധമാകുന്ന
ഹൃദയങ്ങളുടെ
സ്നേഹസംഗമം....

സ്വപ്നങ്ങൾപോലും
വറ്റിപ്പോയവരുടെ
കുടിയിടങ്ങളിലേക്ക്
ആശ്വാസത്തിന്റെ
തെളിനീരൊഴുക്കുകൾ
പ്രത്യക്ഷമാകും മാസം.....

റമദാൻ,
ഇരുട്ട്
വെളിച്ചത്തെ
പേടിച്ചോടുന്ന മാസം!

**അശ്റഫ് കാവിൽ**

# റമദാൻ ചന്ദ്രിക

കത്തും മനസിൻ മരുവിൽ
തങ്കക്കിനാവായിറങ്ങിയോരു
വേദഗ്രന്ഥത്തിൻ പുണ്യഗേഹം നീ.
കരുണാർദ്രനാം മഹിത-
നുടയോർക്കേകിയോരു
വിശുദ്ധ വ്രതത്തിൻ തീർഥ സലിലം.
ഹിറയിൻ തമസ്സിൽ ജിബ്രീലെത്തി
നിന്നതുല്യമാം നിർണയ രാത്രിയിൽ
ജ്വലിക്കുമർക്കൻ ഫുർഖാനുമായ്.
പാപഭാരമിറക്കാൻ
പരദേശിക്കുതാവളം.
എണ്ണവറ്റാത്ത കെടാവിളക്കുനീ റമദാൻ.
നിൻസാമീപ്യമെന്നിൽ
നിത്യതൻ പൊൻവിളക്ക്.
എന്നന്തരാത്മാവിൻ
ദാഹചില്ല നീളുമ്പോൾ
നിൻ നക്ഷത്ര ജന്മം മാത്രമൂർജം.
മഴവില്ലിനേഴു നിറങ്ങളും ചാലിച്ച്
റമദാനിൻ ചന്ദ്രിക മാനത്ത്.

**അശ്റഫ് കല്ലോട്**